PROGRAMME COMMITTEE

KERALA SCHOOL KALOLSAVAM 2016-17

KANNUR - 2017 JANUARY 16-22

Code No. 102

# "പ്രണയത്തിന്റെ എ.ടി.എം."

ഞരങ്ങുന്ന ആ കട്ടിലിലേക്ക് അയാൾ വീണ്ടും വന്നിരുന്നു. ഇല്ല..... കഴിയുന്നില്ല.... ഒരിടത്ത് ഇരുപ്പുറപ്പിക്കാൻ കഴിയുന്നില്ല.... എന്തിനാണിത്ര പരിഭ്രമം? ഈ 57 ലും മധുരപ്പതിനേഴിലേക്ക് തിരിച്ച് പോകുകയാണോ താൻ എന്ന് ഒരിക്കൽകൂടി ചിന്തിച്ചുപോയി....

സാമാന്യം വരുമാനമുള്ള ഒരു ബിസിനസ്സ് ഉടമയാണ്.. വലിയ ബിസിനസ്സ് മീറ്റിംഗുകളുടെ തലേന്നു- പോലും ഇത്ര പരിഭ്രമം...? ഇല്ല ഓർമ്മയിലെങ്ങുമുണ്ടായിട്ടില്ല. അയാൾ ഒന്നുമറിയാതെ ഉറങ്ങിക്കിടക്കു- ന്ന ഭാര്യയെ നോക്കി. നോക്കുമ്പോൾതന്നെ

Scanned by CamScanner

KERALA SCHOOL KALOLSAVAM-2017 PROGRAMME COMMITTEE

അറപ്പുതോന്നുന്നു. മീൻകറിയും
പുളിശ്ശേരിയും വാരിത്തൂകിയ വൃത്തി
ഹീനമായ സാരി.... നനച്ച വെളിച്ചെണ്ണ
ഇറ്റുവീഴുന്ന മുടിയിഴകൾ....
സ്ട്രെയിറ്റ് ചെയ്ത് പാറിപ്പറക്കുന്ന മുടിയും
മുന്തിയ പെർഫ്യൂമിന്റെ മണവുമായി
നടക്കുന്ന റോസ്സിന്റെ.... അവളുടെ
ഏഴയലത്ത് വരുമോ ഇവൾ.... ?

നാളെ... നാളെയാണ്
ആ സുദിനം.... ഒരു മിസ്ഡ് കോളിലൂടെ
തുടങ്ങി; പിന്നീട് ദൈവം പനപോലെ
വളർത്തിയ ബന്ധം... നാളെ പൂവണിയാൻ
പോകുന്നു.

അയാൾക്ക് തന്നെക്കുറിച്ചോർത്ത് അഭിമാനം
തോന്നി..... അൻപത്തേഴു തികഞ്ഞു...
ഇരുപത് വയസ്സുള്ള മകൾ ദൂരെ
പഠിക്കുന്നു. അതേ പ്രായത്തിലുള്ള
കാമുകിയെ കാണാൻ നാളെ ഞാൻ
കൊച്ചിയിലെ 'ബ്ലൂ മൂൺ പാലസിൽ'
പോകുന്നു. ആദ്യസന്ദർശനം......
കൂട്ടുകാരുടെ വാക്കുകൾ കേൾക്കുമ്പോൾ
അഭിമാനം തോന്നുന്നു. രഹസ്യമായി

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

ഇക്കാര്യം ഇന്നലെ ഫയാസിനോട്
പറഞ്ഞു. അവന്റെ മറുപടി കേട്ട്
രോമാഞ്ചം വന്നുപോയി....

ഇങ്ങളീ കാര്യത്തില് ഒരു
എ.ടി.എം. മെഷീനാണ് ഇക്കാ....
മെഷീൻ ഇത്ര പഴേതായെങ്കിലെന്താ...
ട്രാൻസാക്ഷന് കുറവ്വല്ലോമുണ്ടോ...?

അഭിമാനം തോന്നിക്കുന്ന
വാക്കുകൾ.... ടിംഗ്..! ടോംഗ്..!
പെട്ടെന്നാണ് ക്ലോക്കിൽ പന്ത്രണ്ടടിച്ചത്.
അയാൾ സ്വയം പറഞ്ഞു:

മിസ്റ്റർ ജയമോഹൻ; ഇനിങ്ങനെ
ഉറക്കമൊഴിച്ചാൽ കണ്ണിനുതാഴെ കറുപ്പു
വീഴും... അതു പറ്റില്ല! നാളെ സുന്ദര
കുട്ടനായിരിക്കണം... ഇല്ലെങ്കിൽ ഡൈയും
ഫേഷ്യലുമൊക്കെ വെറുതെയാകും....?
അയാൾ പെട്ടെന്ന് കിടന്നുറങ്ങി....
പിറ്റേന്ന് പതിവിലും നേരത്തെ എണീറ്റ്
തലേന്നേ റെഡിയാക്കിവച്ച പിങ്ക്
ഷർട്ടെടുത്തിട്ടു... റോസിനിഷ്ടം പിങ്കാണല്ലോ.... ആവേശത്തോടെ
ഒരുങ്ങുന്നതിനിടെ അടുക്കളയിൽനിന്നും
ശബ്ദം പൊന്തി....

ജയേട്ടാ... ഈ രാവിലെ എവിടേക്കാ...?

കൊച്ചിയിലൊരു മീറ്റിംഗ്

ഇത്ര രാവിലെയോ....?

എന്താ.. അതിനും ഇനി നിന്റെ അനുവാദം വാങ്ങണോ....?

ചോറായി. മെഴുക്കുപുരട്ടി ഇപ്പോ ശരിയാകും. അഞ്ചു മിനിറ്റ് നിന്നാൽ....

വേണ്ട.

ഇപ്പൊ തരാം....

വേണ്ടാന്ന് ഞാൻ മലയാളത്തിലല്ലേ പറഞ്ഞത്....? വാതിൽ ശക്തിയായി വലിച്ചടച്ച് അയാളിറങ്ങി....

കാറ് വീട്ടിൽനിന്നിറക്കി ഒരു വളവുതിരിഞ്ഞപ്പോൾ അതാ ഒരാൾക്കൂട്ടം.... ഒന്നെത്തിനോക്കി.

ഓ... അത് പത്രമിടുന്ന ചെറുക്കനാ... പച്ചമാംസത്തിലൂടെ വണ്ടികയറിയിറങ്ങി ചതഞ്ഞരഞ്ഞ് കിടക്കുന്നു... ചുറ്റും ചോര തളംകെട്ടിക്കിടക്കുന്നു...

ശ്ശെ! രക്തം, നല്ല ശകുനം തന്ന്യാ....

വേഗം ടൗണിലെത്തി

അപ്പോഴാണ് മകളുടെ ഫോൺ...

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

പപ്പാ, ഞാൻ എയർപോർട്ടിലെത്തി... എനിക്ക് കുറച്ച് ഷോപ്പിംഗുണ്ട്.... രാത്രി ഞാൻ വീട്ടിലെത്തിയേക്കാം...

ശരി മോളൂ.. ടേക്ക് കെയർ.

ഇത്രയും പറഞ്ഞ് ഫോൺവെച്ചപ്പോൾ റോഡ് സൈഡിൽ സിം വിൽക്കാൻ നിൽക്കുന്ന ചെറുപ്പക്കാർ പിള്ളേരെ കണ്ടു...

ആറുമാസം മുമ്പ് തന്റെയീ പുതിയ സംബന്ധത്തിന് 'കത്തിവച്ച്' തന്നത് ഇവരാണല്ലോ... പുതിയ സിം എടുപ്പിച്ചതിവരാണ്. അന്ന് ഇവരെ നിരാശരാക്കി വിട്ടിരുന്നെങ്കിൽ റോസുമായുള്ള ബന്ധം... അത് ഉണ്ടാകുമായിരുന്നില്ല...

മാത്രമല്ല, പരിചയക്കാരുടെ കയ്യിലൊന്നും ഈ നമ്പറില്ല. ഭാര്യക്കും മകൾക്കും പോലും അറിയില്ല... പിന്നെയാ.....

പിന്നെയും മുന്നോട്ടു പോയപ്പോൾ ടൗണിലെ ആഡിറ്റോറിയത്തിൽനിന്നും ഒരു പെണ്ണും ചെറുക്കനും വിവാഹിതരായി ഇറങ്ങുന്നു...

ഇരുപത്താറ് വർഷങ്ങൾക്കു മുമ്പ് താനും ഇതുപോലെ..... അയാൾ

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

ഓർത്തുപോയി. എല്ലാരുംകൂടി
മുറപ്പെണ്ണിനെ തലയിൽകെട്ടിവച്ചു...
തലവിധി....

വിവാഹം.... അതൊരു
ഞാണിൻമേൽ കളിയാണ്... സർക്കസ്
അഭ്യാസം പോലെ ചുറ്റുമുള്ളവരെ
രസിപ്പിക്കാം... പക്ഷേ; സ്വയം... രസിക്കാൻ
ആവില്ല.

അതാ മുന്നിൽ ഹോട്ടൽ ബ്ലൂമൂൺ
പാലസ്. വണ്ടി പാർക്ക് ചെയ്ത്
അകത്തു കയറി. ഫോണെടുത്ത്
നമ്പർ തിരഞ്ഞെടുത്തു. റോസിന്റെ
നമ്പർ റോഷൻ എന്നാണ് ടൈപ്പ്
ചെയ്തിരിക്കുന്നത്. വെറുതെ ഭാര്യയെ
ടെൻഷനടിപ്പിക്കേണ്ടല്ലോ.....

റോസ് മരിയ.. അവൾ ഫോണെടു
ത്തു..

ഹായ് ജയ് !

ഹായ്... നീ എവിടെയാ....?

ഹോട്ടലിൽ...

ഏതു ടേബിൾ?

നമ്പർ സിക്സ്. ജയ് അന്ന് ഓൺലൈ
നായി വാങ്ങി അയച്ച ബ്ലാക്ക് ഗൗൺ....

ഓ.കെ. ഞാനിതാ എത്തി.....

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

നേരെ ചെന്ന് റോസ് എന്ന്
വിളിക്കാനാവാത്തതും കാണുന്നത്
ബ്ലാക്ക് ഗൗൺ അണിഞ്ഞ് മുടി
പിന്നിപ്പുറത്തി ഫോണിൽ നോക്കി ഇരി
ക്കുന്ന മകൾ ദേവികയെ....
അവൾ ചാടി എണീറ്റു...
മോളെന്താ ഇവിടെ എന്ന ചോദ്യം
ചോദിക്കണമെന്നുണ്ടായിരുന്നു...?
പക്ഷെ; നാക്ക് പൊങ്ങുന്നില്ല...
ചോദിക്കാനാവാത്ത ചോദ്യത്തിന്റെ
ഉത്തരം സ്വയം അറിയാമെങ്കിൽ പിന്നെ
ചോദിക്കുന്നതെന്തിന്....?
അവൾ ചോദ്യം സ്വയം മനസ്സിലാക്കി
ഒരു കല്ലുവച്ച നുണ പൊട്ടിച്ചു.
നീന വരാമെന്നുപറഞ്ഞു പപ്പാ,
ഷോപ്പിംഗിന് പോകാൻ... പപ്പയോ?
ഞാനൊരു ക്ലൈന്റിനെ കാണാൻ....
അത് ഒരുവിധം പറഞ്ഞൊപ്പിച്ച്
അയാളവിടെ നിന്നിറങ്ങി.
നേരെ കാറെടുത്ത് വീട്ടിലേക്ക് തിരിച്ചു..
വഴിയിലുള്ള കാഴ്ചകളിലൊന്നും

Scanned by CamScanner

KERALA SCHOOL KALOLSAVAM-2017 PROGRAMME COMMITTEE

അയാൾക്ക് അറപ്പോ അത്ഭുതമോ— തോന്നിയില്ല. അവയൊന്നും ശ്രദ്ധിക്കാൻ കഴിഞ്ഞില്ല. ജീവിതമുഴുവൻ തന്റെ കൈപിടിച്ച് പിച്ചനടന്ന മകൾ ദേവിക... വീടിന്റെ വാതിൽ തള്ളിത്തുറന്ന് അകത്തെ സോഫയിൽ കിടന്നു. ശീതീകരിച്ച മുറിയിലും അയാൾ വിയർത്തൊഴുകി...

ഭാര്യ ലക്ഷ്മി അകത്തുനിന്നും ഓടിവന്ന് ചോദിച്ചു...

എന്താ ജയേട്ടാ...?

ഒന്നുമില്ല. അയാൾ പെട്ടന്ന് ഫോണിലെ സിം ഊരി അടുക്കളയിൽ ചെന്ന് മെഴുകുതിരിയുടെ തീയിലേക്കിട്ടു.

എന്തേ...? ബിസിനസ്സ് ഡീൽ നടന്നില്ലേ?

ഇല്ല...

എന്തേ?

ഒന്നും ഞാൻ വിചാരിച്ചതുപോലെയല്ല.

കിതച്ചോണ്ട് ഭാര്യയുടെ മടിയിൽ തലവെച്ച് കിടന്നു. അവൾ സാരിതലപ്പുകൊണ്ട് വിയർപ്പൊപ്പവെ അയാൾ സ്വയം മന്ത്രിച്ചു.....

ഒന്നും വിചാരിച്ചപോലെയല്ല... ഇന്നു

~~[illegible]~~...

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

~~ഓർക്ക് ഭരണകൂടം തന്റെ സ്വന്തം കാര്യമിട്ട്~~
~~ചതിയിടപാട് നടത്തുക....~~
~~അത് കഴിയില്ല....~~
~~ഇനിയവിടെ ഒരു ട്രാൻസാക്ഷനും~~
~~നടക്കില്ല...........~~

എ.ടി.എം. ഇൽ പിൻ അറിയാതെ
കുഴങ്ങുന്ന വ്യക്തിയെ പോലെ
ജയമോഹൻ പരിഭ്രമിച്ചു...
ഇനി ഒരു ട്രാൻസാക്ഷനും
നടത്താൻ കഴിയില്ല, അയാൾക്ക്...